**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 4587

17.12.2014-ലെ മറുപടിയ്ക്ക്

**കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ ടൂറിസം വികസന പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ദാസൻ | **ശ്രീ.എ.പി.അനിൽകുമാർ**<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) ടൂറിസം വികസനത്തിനായി ഈ സർക്കാർ കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാം; ഓരോ പദ്ധതിയ്ക്കും അനുവദിച്ച തുകയും ചെലവഴിച്ച തുകയും എത്രയെന്ന് വിശദമാക്കാമോ; | (എ) ടൂറിസം വികസനത്തിനായി ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജിൽ ട്രെയിനിംഗ് അക്കാദമി തുടങ്ങുന്നതിനായി 2.75 കോടി രൂപയുടെ ഭരണാനുമതി നൽകിയതിൽ 1,37,50,000/-രൂപ പദ്ധതി നിർവ്വഹണ ഏജൻസിയായ ഊരാളുങ്കൽ സൊസൈറ്റി യ്ക്ക് നൽകുകയുണ്ടായി. |
| (ബി) സ്പൈസ് റൂട്ട് ഇൻ മലബാർ സോൺ സ്കീമിൽ നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാം; മുൻ സർക്കാരിന്റെ കാലത്ത് വിഭാവനം ചെയ്ത പന്തലായനി സ്പൈസ് റൂട്ട് ഈ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് നടപടികൾ സ്വീകരിക്കുമോ; | (ബി) ഈ സംരംഭവുമായി ബന്ധപ്പെട്ട് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറായിട്ടില്ലാത്തതിനാൽ വിശദാംശ ങ്ങൾക്ക് കൂടുതൽ വ്യക്തത കൈവന്നിട്ടില്ല. |
| (സി) കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ ടൂറിസം വികസന സാദ്ധ്യതകൾ കണ്ടെത്തിയ പ്രദേശങ്ങളെ വികസിപ്പിച്ച് ടൂറിസം പദ്ധതികൾ തയ്യാറാക്കുന്നതിലേയ്ക്ക് ടൂറിസം പ്രമോഷൻ കൗൺസിലും ടൂറിസം ഡിപ്പാർട്ട്മെന്റും നടത്തുന്ന നടപടികൾ വിശദമാക്കാമോ; | **(സി) യും (ഡി) യും**<br>താഴെപറയുന്ന സ്ഥലങ്ങളിൽ ടൂറിസം വികസന സാദ്ധ്യതകളുള്ളതായി കണ്ടെത്തിയിട്ടുണ്ട്.<br>1. കാപ്പാട് ചിൽഡ്രൻസ് പാർക്ക്<br>2. കൊല്ലം-പാറപ്പള്ളി മഖാം (തീർത്ഥാടന ടൂറിസം)<br>3. തിക്കോടി ഡ്രൈവ് ഇൻ ബീച്ച് |

(ഡി) ആദ്യപടിയായി ടൂറിസം സാദ്ധ്യതകൾ ഉള്ള പ്രദേശങ്ങൾ ഉദ്യോഗസ്ഥർ സന്ദർശിച്ചിരുന്നുവോ; തുടർ നടപടികൾ എന്തെല്ലാം സ്വീകരിച്ചു; വിശദമാക്കാമോ;

4. മുടാടി ഉരുപുണ്യക്കാവ് ക്ഷേത്രം (തീർത്ഥാടന ടൂറിസം)
5. നെല്ല്യാടിക്കടവ് പാലത്തിന് സമീപം
6. അരണലക്കടവ് കണ്ടൽക്കാട്
7. കണയങ്കോട് പാലത്തിന് സമീപം
8. നായാടൻപുഴ ഗതാഗത യോഗ്യമാക്കൽ

ഇതിൽ നായാടൻ പുഴ, അരണല ക്കടവും ഒഴികെയുള്ള സ്ഥലങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സന്ദർശിച്ച് സാധ്യതകൾ വിലയിരുത്തുകയും ടൂറിസം വികസനത്തിനായി സ്ഥല ലഭ്യത മനസ്സിലാക്കാൻ സർവ്വേ നടത്താൻ റവന്യൂ ഉദ്യോഗസ്ഥരെ ചുമതല പ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ഇ) കൊയിലാണ്ടി മണ്ഡലത്തിലെ വളരെ പ്രധാനപ്പെട്ട ഒരു ടൂറിസം കേന്ദ്രമായ ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജിൽ മ്യൂസിക്കൽ ഫൗണ്ടൻ സ്ഥാപിക്കുന്ന തിനായി സമർപ്പിച്ച പ്രോജക്ടിൽ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ?

(ഇ) ഇതിന്റെ ടൂറിസം സാധ്യതാ പഠനം നടത്തേണ്ടതുണ്ട്.

സെക്ഷൻ ഓഫീസർ